**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2641** **02-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും പട്ടയവും അനുവദിച്ചു നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് താഴെപറയുന്ന ചട്ടങ്ങൾ/ പദ്ധതികൾ പ്രകാരം ഭൂമിയും പട്ടയവും അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. 1. 2006ലെ വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖ. 2.കേന്ദ്രാനുമതി ലഭിച്ചതും പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽപ്പെട്ടതുമായ 19000 ഏക്കർ നിക്ഷിപ്ത വനഭൂമിയ്ക്ക് 2001ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ. 3. 01.01.1977ന് മുൻപുള്ള വനഭൂമി കയ്യേറ്റങ്ങൾ ക്രമീകരിക്കുന്നതിന് 1993ലെ ഭൂമി പതിവ് പ്രത്യേക ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ. 4. 1964ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾപ്രകാരം റവന്യൂഭൂമിയ്ക്ക് അനുവദിക്കുന്ന പട്ടയങ്ങൾ 5. 1963ലെകേരള ഭൂപരിഷ്കരണ നിയമപ്രകാരം അനുവദിക്കുന്ന മിച്ചഭൂമി പട്ടയങ്ങൾ. 6. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന ലാൻഡ് ബാങ്ക് പദ്ധതി. |
| (ബി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കരിമ്പുഴ-1 വില്ലേജിലെ കരിപ്പമണ്ണ ഭാഗത്തെ കൊണ്ടൻമലയിൽ പട്ടയം ഇല്ലാതെ താമസിച്ചു വരുന്ന രണ്ട് കുടുംബങ്ങൾക്ക് അവർ താമസിക്കുന്ന ഷെഡ്ഡ് ഇരിക്കുന്ന സ്ഥലം പതിച്ചു നൽകാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സ്ഥലം എൽ.ആർ.എ3-49551/200 നമ്പർ ഉത്തരവ് പ്രകാരം വേറെ വ്യക്തികൾക്ക് പതിച്ചു നൽകിയിരുന്നെങ്കിലും വീട് നിർമ്മിക്കാൻ അനുയോജ്യമല്ലാത്തതിനാൽ പ്രസ്തുത സ്ഥലം വേണ്ട എന്നും വീട് നിർമ്മിക്കാൻ അനുയോജ്യമായ വേറെ സ്ഥലം ലഭിക്കുമ്പോൾ അനുവദിച്ചാൽ മതിഎന്നും പതിച്ചു കിട്ടിയ വ്യക്തികൾ രേഖാ മൂലം എഴുതി നൽകിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ അനുവദിച്ചിട്ടുള്ള പട്ടയം റദ്ദ് ചെയ്ത് നിലവിൽ പ്രസ്തുത സ്ഥലത്ത് താമസിക്കുന്നവരുടെ പേരിൽ പതിച്ച് നൽകുന്നതിൻറെ സാദ്ധ്യത പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ